**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1180** **10-10-2024 - ൽ മറുപടിയ്ക്ക്**

**ബൈപാസുകളുടെയും ഫ്ലൈഓവറുകളുടെയും നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീമതി ദെലീമ,<br>ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ വന്നശേഷം പൊതുമരാമത്ത് വകുപ്പിന്റെ വിവിധ വിംഗുകളിലായി നിർമ്മാണം പൂർത്തിയാക്കിയ ബൈപാസുകളുടെയും ഫ്ലൈഓവറുകളുടെയും വിശദാംശം നൽകുമോ; | (എ) | **നിരത്തുകൾ**<br><br>കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ കൂടി കടന്നു പോകുന്ന ഏറ്റുമാനൂർ -പൂഞ്ഞാർ റോഡിനെയും, മണർകാട് - കിടങ്ങൂർ -അയർക്കുന്നം റോഡിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന 1.123 കി.മീറ്റർ ദൈർഘ്യം വരുന്ന കിടങ്ങൂർ ബൈപ്പാസ് 3 കോടി രൂപ ചിലവഴിച്ച് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഏറ്റുമാനൂർ നിയോജക മണ്ഡലത്തിലെ എം.സി. റോഡിനെയും ഏറ്റുമാനൂർ പൂഞ്ഞാർ റോഡിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന 1.79 കി.മീറ്റർ ദൈർഘ്യം വരുന്ന പട്ടിത്താനം - മണർകാട് ബൈപ്പാസ് 12.8 കോടി രൂപ ചിലവഴിച്ച് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കോതമംഗലം നിയോജക മണ്ഡലത്തിൽ 2019- 20 ബഡ്ജറ്റ് വർക്കിൽ ഉൾപ്പെടുത്തി തങ്കളം - കോഴിപ്പിള്ളി ന്യൂ ബൈപാസ് റോഡിന്റെ ഫസ്റ്റ് റീച്ചായ ചെയിനേജ് 0/000 മുതൽ 1/000 വരെ 95% പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>കൂടാതെ പ്രസ്തുത ബൈപ്പാസിന്റെ 2-ആം റീച്ചായ ചെയിനേജ് 1/000 മുതൽ 2/811 വരെ 22% പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>**കെ.എസ്.ടി.പി.**<br><br>കെ.എസ്.റ്റിപി കൊട്ടാരക്കര ഡിവിഷന്റെ പരിധിയിലുള്ള ആലപ്പുഴ - ചങ്ങനാശ്ശേരി റോഡ് പുനർനിർമ്മാണ പ്രവൃത്തിയുടെ ഭാഗമായി 5 ഫ്ലൈഓവറുകളുടെ നിർമ്മാണം<br><br>പൂർത്തിയായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ഒന്നാംകര ഫ്ളൈഓവർ<br><br>2. മങ്കൊമ്പ് ഫ്ളൈഓവർ<br><br>3. നസ്രത്ത് ഫ്ളൈഓവർ<br><br>4. ജ്യോതി ജംഗ്ഷൻ ഫ്ളൈഓവർ<br><br>5. പണ്ടാരക്കളം ഫ്ളൈഓവർ |

<table>
<tr><td></td><td></td><td></td><td>
ആർ.ബി.ഡി.സി.കെ<br><br>
ആർ.ബി.ഡി.സി.കെ പൂർത്തിയാക്കിയ ബൈപാസുകളുടെയും ഫ്ലൈ ഓവറുകളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>ക്രമ നം.</th><th>ബൈപ്പാസ്/ ഫ്ളൈ ഓവർ</th><th>മണ്ഡലം</th><th>ജില്ല</th></tr>
<tr><td>1</td><td>പേരാമ്പ്ര ബൈപ്പാസ്</td><td>പേരാമ്പ്ര</td><td>കോഴിക്കോട്</td></tr>
<tr><td>2</td><td>എടപ്പാൾ ഫ്ളൈഓവർ</td><td>തവനൂർ</td><td>മലപ്പുറം</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>നിലവിൽ എല്ലാ വിംഗുകളിലുമായി പ്രവൃത്തി പുരോഗമിക്കുന്ന പാലങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;</td><td>(ബി)</td><td>
പാലങ്ങൾ<br><br>
അനുബന്ധം 1 ആയി ചേർക്കുന്നു.<br><br>
കെ.ആർ.എഫ്.ബി. - പി.എം.യു<br><br>
അനുബന്ധം 3 ആയി ചേർക്കുന്നു.<br><br>
കെ.എസ്.ടി.പി<br><br>
ആലപ്പുഴ ചങ്ങനാശ്ശേരി റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ ഭാഗമായി പള്ളാത്തുരുത്തി വലിയ പാലത്തിന്റെ പ്രവൃത്തി പുരോഗമിക്കുന്നു. 546 മീ. ആകെ നീളവും 10.5 മീ. വീതിയുമുള്ള പാലത്തിന്റെ പണികൾ 50 ശതമാനത്തിനുമേൽ പൂർത്തീകരിച്ചു.<br><br>
ആർ.ബി.ഡി.സി.കെ<br><br>
അനുബന്ധം 4ആയി ചേർക്കുന്നു.
</td></tr>
<tr><td>(സി)</td><td>ഭരണാനുമതി നൽകിയിട്ടുള്ള പാലങ്ങൾ എത്രയാണെന്നും അവയുടെ പ്രവൃത്തി ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്നും വിശദമാക്കുമോ?</td><td>(സി)</td><td>
പാലങ്ങൾ<br><br>
273 പാലങ്ങൾക്ക് ഭരണാനുമതി ലഭിച്ചു. നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തിയുടെ നടപടികളുടെ നിലവിലെ സ്ഥിതി അനുബന്ധം 2 ആയി ചേർക്കുന്നു.<br><br>
ദേശീയപാത<br><br>
CRIF സേതുബന്ധൻ 2022-23 പദ്ധതിക്ക് കീഴിൽ ഏഴ് പാലങ്ങളുടെ പ്രവർത്തികൾക്ക് Go(Rt)No.572/2024/PWD തീയതി. 12/6/2024 സർക്കാർ ഉത്തരവ് പ്രകാരം 167 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവർത്തികൾക്ക് സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>
കെ.ആർ.എഫ്.ബി - പി.എം.യു<br><br>
124 പാലങ്ങളുടെ പ്രവർത്തികളാണ് കെ.ആർ .എഫ്.ബി - പി.എം.യൂ വിന് കീഴിൽ ഭരണാനുമതി നല്കിയിട്ടുള്ളത്. ഇതിൽ 11 പാലങ്ങളുടെ പ്രവർത്തികൾ നിർമാണം പൂർത്തീകരിച്ചിട്ടുണ്ട്.40 പ്രവർത്തികൾ പുരോഗമിക്കുന്നു. ബാക്കിയുള്ള 73 പ്രവർത്തികൾ സ്ഥലം
</td></tr>
</table>

| | | | |
|---|---|---|---|
| | | | ഏറ്റെടുക്കൽ,ഡിസൈൻ തയ്യാറാക്കൽ, ടെണ്ടർ, കിഫ്ബി അപ്രൈസൽ തുടങ്ങി വിവിധ ഘട്ടങ്ങളിലാണ്.<br><br>**കെ.എസ്.ടി.പി**<br><br>കോട്ടയം ജില്ലയിലെ മാന്നാനം കൈപ്പുഴ റോഡിലെ 0+483 ചെയിനേജിൽ Reconstruction of Mannanam Bridge ന് GO (Rt)No. 406/2023/P&EA dated 20.10.2023 പ്രകാരം 24.83 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി നൽകിയതിനുശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>**കെ.ആർ.എഫ്.ബി.**<br><br>06.06.2022-ലെ സർക്കാർ ഉത്തരവ് GO(Rt)No. 613/2022/PWD പ്രകാരം കോഴിക്കോട് നഗര പാത വികസന പദ്ധതി രണ്ടാം ഘട്ടത്തിലുൾപ്പെട്ട ചെറുവണ്ണൂർ, അരീക്കാട് മേൽപ്പാല നിർമ്മാണത്തിന് 255.62 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി DBFOT-Annuity Mode-ൽ 1.70 കിമി. മേൽപ്പാല നിർമ്മാണമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.<br><br>ചെറുവണ്ണൂർ മേൽപ്പാലത്തിന്റെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് 19(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. അരീക്കാട് മേൽപ്പാലത്തിന്റെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. ആയതിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തുടർ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.<br><br>**ആർ.ബി.ഡി.സി.കെ**<br><br>പൊതുമരാമത്ത് വകുപ്പ് ആർ.ബി.ഡി.സി.കെ മുഖേന 2 പാലങ്ങൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. മലപ്പുറം ജില്ലയിലെ തിരുനാവായ തവനൂർ പുഴപ്പാലത്തിന്റെ പ്രവൃത്തി പുരോഗമിക്കുന്നു. പൊന്നാനി കേബിൾ സ്റ്റേയ്ഡ് ബ്രിഡ്ജിന്റെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾ നടന്നുവരുന്നു |

സെക്ഷൻ ഓഫീസർ